**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4003** **15-07-2022 - ൽ മറുപടിയ്ക്ക്**

**കൊല്ലം മണ്ഡലത്തിലെ അമൃത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം കോർപ്പറേഷൻ മുഖേന കൊല്ലം നിയോജക മണ്ഡല പരിധിയിൽ നടപ്പിലാക്കിവരുന്ന അമൃത് പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ? | (എ) | കൊല്ലം നിയോജക മണ്ഡലത്തിൽ അമൃത് പദ്ധതി മുഖേന 5 സെക്ടറുകളിലായി ആകെ 59 പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. ഇതിൽ 41 പദ്ധതികൾ കോർപ്പറേഷൻ നേരിട്ടു നടത്തുന്ന പദ്ധതികളും 18 പദ്ധതികൾ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കുന്നവയുമാണ്. കോർപ്പറേഷൻ നേരിട്ട് നടപ്പാക്കുന്ന 41 പദ്ധതികളിൽ 21 സ്റ്റോം - വാട്ടർ ഡ്രയിനേജ് പദ്ധതികൾ, 7 പാർക്കുകൾ, 11 അർബൻ ട്രാൻസ്പോർട്ട് പ്രോജക്ടുകൾ, 2 വാട്ടർ സപ്ലൈ പ്രാജക്ടുകൾ എന്നിവ ഉൾപ്പെടുന്നു. 21 സ്റ്റോം വാട്ടർ ഡ്രെയിനേജ് പദ്ധതികളിൽ 18 എണ്ണവും അർബൻ ട്രാൻസ്പോർട്ട് പദ്ധതികളിൽ 7 എണ്ണവും പൂർത്തിയായിട്ടുണ്ട്. പാർക്ക് സെക്ടറിലെ എല്ലാ പദ്ധതികളും പൂർത്തിയായിട്ടുണ്ട്. ജലവിതരണ പദ്ധതികൾ പൂർത്തിയായിട്ടില്ല.<br><br>അർബൻ ട്രാൻസ്പോർട്ട് സെക്ടറിലെ പ്രധാന പദ്ധതിയായ മൾട്ടിലെവൽ കാർപാർക്കിംഗ് (10.91 കോടി) എന്ന പദ്ധതി റയിൽവേസ്റ്റേഷന് അടുത്തുള്ള റവന്യൂ പുറമ്പോക്കിൽ (അലക്കുകുഴി) ചെയ്യുന്നതിനായിട്ടാണ് വിഭാവനം ചെയ്തത്. ഇതിന് വേണ്ടി അവിടെയുണ്ടായിരുന്ന 23 കുടുംബങ്ങളിൽ 20 കുടുംബങ്ങളെ കോർപ്പറേഷന്റെ സ്ഥലത്ത് വീട് നിർമ്മിച്ച് മാറ്റി പാർപ്പിച്ചു. എന്നാൽ 3 കുടുംബങ്ങൾ മാറാൻ തയ്യാറാകാതെ കേസിന് പോവുകയും ചെയ്തു. അതിനാൽ പദ്ധതി ഇതുവരെ നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. കോർപ്പറേഷൻ നേരിട്ട് നടത്തുന്ന പദ്ധതികളുടെ ആകെ ഭരണാനുമതി തുക 58.1 കോടി രൂപയും ഇതിൽ ചെലവഴിച്ച തുക 28.82 കോടി രൂപയുമാണ്.<br><br>കേരള വാട്ടർ അതോറിറ്റി നിർവ്വഹണ ഏജൻസിയായിട്ടുള്ള 18 പദ്ധതികളിൽ 13 എണ്ണം |

| | | | |
|---|---|---|---|
| | | | പൂർത്തിയായിട്ടുണ്ട്. ഇതിന്റെ ആകെ ഭരണാനുമതി തുക 253.62 കോടിയും, ചെലവഴിച്ച തുക 62.02 കോടിയുമാണ്. ഇതിൽ ഞാങ്കടവ് കുടിവെള്ള പദ്ധതിയുടെ ചുവടെ നൽകിയിട്ടുള്ള പ്രധാനപ്പെട്ട 5 ഘടകങ്ങൾ (104 കോടി രൂപ) ഉൾപ്പെടുന്നു.<br><br>വസുരിച്ചിറയിൽ നിർമ്മാണത്തിലിരിക്കുന്ന 100 MLD ജലശുദ്ധീകരണശാല (57.22 കോടി രൂപ)<br><br>കല്ലടയാറ്റിന് കുറുകെയുള്ള തടയണ നിർമ്മാണം (38.1 കോടി രൂപ)<br><br>ഞാങ്കടവിൽ 10 മീറ്റർ വ്യാസത്തിലുള്ള കിണർ നിർമ്മാണം (1.93 കോടി രൂപ)<br><br>ട്രാൻസ്ഫോർമർ & പവർലൈൻ എക്സ്റ്റൻഷൻ (2.75 കോടി രൂപ) -<br><br>3520 മീറ്റർ നീളത്തിലുള്ള DIK9 പൈപ്പ് ലൈൻ സ്ഥാപിക്കുന്നത്. (4.33 കോടി രൂപ)<br><br>ഇതിൽ വസുരിച്ചിറയിലെ ജലശുദ്ധീകരണശാലയുടെ നിർമ്മാണം 78 ശതമാനം പൂർത്തിയായിട്ടുണ്ട്. (3) (4) (5) ഘടകങ്ങൾ പൂർത്തിയായി. (2)മത്തെ ഘടകമായി തടയണ നിർമ്മാണം ടെണ്ടർ ചെയ്തപ്പോൾ 29 ശതമാനം തുക കൂടുതലായി ക്വാട്ട് ചെയ്തതിനാൽ അംഗീകാരത്തിനായി സർക്കാർ പരിഗണനയിലാണ്. ഇത് കൂടാതെ വാട്ടർ സപ്ലൈ സെക്ടറിൽ 17.18 കോടി രൂപയുടെ 15820 സൗജന്യ കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുള്ളതുമാണ്.<br><br>സീവേജ് സെക്ടറിൽ കൊല്ലം കുരീപ്പുഴയിൽ 31.92 കോടി രൂപ ഭരണാനുമതിയുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവൃത്തി 62 ശതമാനം പൂർത്തിയായിട്ടുണ്ട്. 10 വാർഡുകളിലെ ജലമാലിന്യം കുരീപ്പുഴയിലെ പ്ലാന്റിൽ എത്തിക്കുന്നതിനായുള്ള നെറ്റ് വർക്കിന്റെ പ്രവൃത്തി (93.61 കോടി രൂപ) 4 പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും ബിഡുകളൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ